**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400** **12-12-2022 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സ്ക്വാഡ് പ്രവർത്തനം നടത്തുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നുള്ള (താലൂക്ക് സപ്ലൈ ഓഫീസർമാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ) ജീവനക്കാരുടെ പട്ടിക തയ്യാറാക്കി പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം ജീവനക്കാരെ ശബരിമല ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുണ്ട്. ശബരിമല തിർത്ഥാടനം 2022-23 ആയി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ദർശനത്തിനായി എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് വേണ്ടി പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ വെജിറ്റേറിയൻ ഹോട്ടലുകളിൽ അവശ്യസാധന നിയമ പ്രകാരം ശബരിമല സീസണിൽ വില നിശ്ചയിക്കുവാനും, വെജിറ്റേറിയൻ ആഹാര പദാർത്ഥങ്ങൾ, അവശ്യ സാധന നിയമത്തിന്റെ പിരിധിയിൽ കൊണ്ടു വരുന്നതിലേയ്ക്കുമായി, കോട്ടയം ജില്ലാ കളക്ടർ 02.11.2021ന് കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികളും, വ്യാപാരി വ്യവസായി പ്രതിനിധികളും, പ്രധാന ഇടത്താവളങ്ങളിലെ ഹോട്ടൽ ഉടമകളും, വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തതിൻ പ്രകാരം, പത്തനംതിട്ട ജില്ലയിലെ വില നിർണ്ണയം താരതമ്യം ചെയ്തും 2022-23 ശബരിമല തീർത്ഥാടന കാലത്തേക്ക് എരുമേലിയിലേയും, കോട്ടയം, പത്തനംതിട്ട ജില്ലയിലെ മറ്റ് ഇടത്താവളങ്ങളിലേയും ജില്ലയിലെ വിവിധ സ്ഥലങ്ങളിലെയും എല്ലാ വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങളുടെയും വില നിശ്ചയിച്ച നൽകിയിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയ വിലകൾ മലയാളം കൂടാതെ മറ്റ് 5 |

| | | | |
|---|---|---|---|
| | | | ഭാഷകളിൽ പ്രിന്റ് ചെയ്ത് മേൽപ്പടി ഇടത്താവളങ്ങളിലെ ഹോട്ടലുകളിൽ പ്രദർശിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വിവരം മലയാളത്തിലെ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി പരിശോധനകൾ കൃത്യമായി നടത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകുകയും റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി, എരുമേലി പരിശോധന സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പരിശോധന സ്ക്വാഡിലേക്ക് കോട്ടയം ജില്ലയിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹോട്ടലുകളും മറ്റ് പൊതുവിപണികളും പരിശോധിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ 5 താലൂക്കുകളിലും സംയുക്ത പരിശോധനാസ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ശബരിമല മകരവിളക്ക് മഹോത്സവകാലത്ത് വിവിധ വകുപ്പുകളിൽ നിന്ന് സ്പെഷ്യൽ ഡ്യൂട്ടിക്കായി എത്തിചേരുന്ന ഉദ്യോഗസ്ഥർ, വിശുദ്ധ സേനാംഗങ്ങൾ, ദിവസവേതന ജോലിക്കാർ മുതലായവർക്ക് ഭക്ഷണം പാകം ചെയ്തു നൽകുന്നതിനും, അപ്പം, അരവണ മുതലായവ തയ്യാറാക്കുന്നതിനും സൗജന്യ അന്നദാനത്തിനുമായി എരുമേലി ദേവസ്വത്തിന് പ്രതിദിനം 20 എണ്ണം എന്ന ക്രമത്തിൽ മണ്ഡല മകരവിളക്ക് കാലത്ത് മാത്രമായി ഗ്യാസ് സിലിണ്ടറുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുനിരത്തുകൾ കൈയ്യേറി ലൈസൻസില്ലാതെയും വൃത്തിഹീനമായും ഭക്ഷണ പദാർത്ഥങ്ങൾ വിതരണം നടത്തുന്ന ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കോന്നിയിൽ ആരംഭിക്കുന്ന ഗോഡൗണിന്റെ പ്രവർത്തനം സംബന്ധിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂമിയുടെ സ്കെച്ച് പ്ലാൻ, വകുപ്പ് അംഗീകരിച്ച എൻ.എഫ്.എസ്.എ |

| | | | |
|---|---|---|---|
| | | | ഗോഡൗണിന്റെ രൂപരേഖ എന്നിവ എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), പത്തനംതിട്ടയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കൈമാറിയിട്ടുണ്ട്. ടി സ്ഥലത്ത് പി.ഡബ്ല്യു.ഡിയുടെ നേതൃത്വത്തിൽ 05/12/2022ന് കോണ്ടൂർ സർവ്വെ നടത്തുകയും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. 2022-23സാമ്പത്തിക വർഷം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് കൊണ്ടാണ് കോന്നിയിലെ ഗോഡൗൺ നിർമ്മാണം പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ